"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ സ്നേഹസ്പർശം പദ്ധതിക്കായി ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷൻ എന്നിവയുടെ ലഭ്യമായ ഫണ്ടിൽ നിന്നും തുക വകയിരുത്തുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2188/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 04/10/2019

---

പരാമർശം:- 1 കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 09/05/2019ലെ പി4-941/2019 നമ്പർ കത്ത്.

2 29/08/2019ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.55 നമ്പർ തീരുമാനം.

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലഭ്യമായ ഫണ്ടിൽ നിന്നും തുക വകയിരുത്തി നടപ്പിലാക്കി വരുന്ന സ്നേഹസ്പർശം പദ്ധതി 2017-18, 2018-19 വർഷങ്ങളിൽ വിജയകരമായി നടത്തി വന്നിരുന്നതാണ്. കോഴിക്കോട് ജില്ലയുടെ ആസൂത്രണ സമിതി മുൻ വർഷങ്ങളിലെ പ്രവർത്തനം വിലയിരുത്തി സ്നേഹസ്പർശം പദ്ധതി ഒരു സംയുക്ത പദ്ധതിയായി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ 2019-20ലും നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട് എന്നും ആയതുപ്രകാരം ജില്ലാ പഞ്ചായത്ത് 25,00,000/-രൂപ, കോർപ്പറേഷൻ 25,00,000/-രൂപ നഗരസഭകൾ 5,00,000/- രൂപ, ബ്ലോക്ക് പഞ്ചായത്ത് 5,00,000/- രൂപ, ഗ്രാമ പഞ്ചായത്ത് 3,00,000/- രൂപ എന്നിങ്ങനെ തുക വകയിരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും 2019-20ലും വൃക്ക രോഗികൾക്കും, എയ്ഡ്സ് രോഗികൾക്കും സഹായം ലഭ്യമാക്കുന്ന 3 കോടിയോളം ചെലവ് പ്രതീക്ഷിക്കുന്ന സ്നേഹസ്പർശം പദ്ധതി നടപ്പാക്കുന്നതിന് അനുമതി ലഭ്യമാക്കണമെന്ന കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ സർക്കാർ വിശദമായി പരിശോധിക്കുകയും പരാമർശം (2) ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിബന്ധനകളോടെ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1)വിഹിതം നിശ്ചയിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരുടെ യോഗം ചേർന്ന് തീരുമാനമെടുക്കണം.

(2) മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം കഴിഞ്ഞ 2 വർഷത്തെ പ്രവർത്തന റിപ്പോർട്ട് അടിയന്തിരമായി പിരശോധനക്കായി വകുപ്പിന് നൽകണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

**File No.DB4/150/2019-LSGD**

സെക്രട്ടറി/പ്രസിഡന്റ് കോഴിക്കോട് ജില്ലാ പഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ